**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 378** **19-03-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി കേന്ദ്രങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുത ലൈൻ സ്ഥാപിക്കാൻ സാധ്യമല്ലാത്ത ആദിവാസി കേന്ദ്രങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാണോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കെ.എസ്.ഇ.ബി മുഖേന വൈദ്യുതീകരിക്കാൻ സാധിക്കാത്ത ആദിവാസി കേന്ദ്രങ്ങളിൽ ANERT മുഖേന സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി PM JANMAN (പ്രധാനമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർക്കുട്ടി, മലപ്പുറം ജില്ലയിലെ മാഞ്ചീരി എന്നീ 4 ആദിവാസി സമൂഹങ്ങളിലെ 98 വീടുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സാധ്യത പഠനം നടത്തി പ്രൊജക്റ്റ് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും, MNRE യിൽ നിന്നും പ്രോജക്റ്റിന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും 49 ലക്ഷം രൂപ (ഒരു വീടിനു 50,000/- രൂപ നിരക്കിൽ 98 വീടുകൾക്ക്) ധന സഹായം ലഭിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തികരണത്തിനു ആവശ്യമായ അധിക തുക സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തികരിച്ച പദ്ധതി ആറു മാസത്തിനുള്ളിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.<br><br>കൂടാതെ, DA-JGUA (ധർതി ആബ ജനജാതിയ ഗ്രാം ഉത്കർഷ് അഭിയാൻ) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ വഴി വൈദ്യുതീകരിക്കാൻ സാധിക്കാത്ത ഇടുക്കി, വയനാട്, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ 24 വിദൂര ആദിവാസി സങ്കേതങ്ങളിലെ 750 വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള സാധ്യതാ പഠനം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ പ്രൊജക്റ്റ് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വൈദ്യുതി എത്താത്ത ആദിവാസി വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | വൈദ്യുതീകരിക്കാത്ത ആദിവാസി ഉന്നതികളിൽ വൈദ്യുതി എത്തിക്കുന്നതിന് കെ.എസ്.ഇ.ബി, അനെർട്ട് എന്നിവരുടെ സഹകരണത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എന്നാൽ വൈദ്യുതീകരിക്കാത്ത ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നിരുന്നാലും കോർപ്പസ് ഫണ്ട്, അടിയ,പണിയ,പ്രാക്തന വർഗ്ഗങ്ങൾ തുടങ്ങി വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ്, ആദിവാസി പുനരധിവാസ മിഷൻ , അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കാത്ത ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ